"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യ ജീവി വകുപ്പ്- ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ശ്രീ. എം.രാമചന്ദ്രൻ ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം)85/2020ൻമേലുള്ള 17.01.2020 തീയതിയിലെ ഉത്തരവ് നടപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.157/2021/വനം    തീയതി,തിരുവനന്തപുരം,26/05/2021.

---

പരാമർശം:- 1 ബഹു കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ശ്രീ. എം.രാമചന്ദ്രൻ ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം)85/2020 ൻമേലുള്ള 17.01.2020 തീയതിയിലെ ഉത്തരവ്.

2 ശ്രീ. എം.രാമചന്ദ്രൻ സമർപ്പിച്ച 5.01.2020, 25.01.2020, 10.08.2020 തീയതികളിലെ നിവേദനം.

3 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 26.11.2020,13.01.2021,20.02.2021 തീയതികളിലെ ഇ7-1081/2020 നം.കത്തും, അനുബന്ധവും.

ഉത്തരവ്

വനം വകുപ്പിൽ നിന്നും സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ 31/05/2018 ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.എം.രാമചന്ദ്രൻ, ടിയാൻ സേവനത്തിലിരിക്കെ അസുഖം നിമിത്തം 10/07/2012 മുതൽ 31/05/2018 വരെ വിനിയോഗിച്ച അവധി അനുവദിച്ച നൽകുന്നതിന് വേണ്ട നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ O A (EKM)85/2020 നമ്പർ കേസ് ഫയൽ ചെയ്തു. അപേക്ഷകൻ ഇതേ ആവശ്യമുന്നയിച്ച് സർക്കാരിൽ 05/01/2020 ൽ നൽകിയിട്ടുള്ള Annexure A5 നിവേദനത്തിൻമേൽ, ഉത്തരവിന്റെ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ, അപേക്ഷകനെ നേരിൽ കേൾക്കുന്നതിന് അവസരം നല്കി, ഉചിതമായ തീരുമാനം കൈക്കൊള്ളുവാൻ ഒന്നാം എതിർ കക്ഷിയായ വനം വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (1) പ്രകാരം കേസ് തീർപ്പാക്കി.

2). ശ്രീ രാമചന്ദ്രൻ പീച്ചിയിലെ ചിമ്മിനി റെയ്ഞ്ചിൽ ജോലി നോക്കവേ 10.07.2012 മുതൽ 31.12.2013 വരെ ലീവിലായിരുന്നു. 10/07/2012 മുതൽ 31/12/2013 വരെ വിനിയോഗിച്ച മെഡിക്കൽ ലീവും, തുടർന്ന് 01/01/2014 മുതൽ 31/05/2018 ൽ റിട്ടയർമെന്റ് വരെ വിനിയോഗിച്ചിട്ടുള്ള അവധിയും, അനുവദിക്കാത്തതിനാൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭ്യമായിട്ടില്ലെന്നും, ആയതിനാൽ പ്രസ്തുത കാലയളവിലേക്കുള്ള അവധി മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലുള്ള ശൂന്യവേതന അവധിയായി അനുവദിച്ച് പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നുമാണ് അപേക്ഷകൻ പരാമർശം (2) പ്രകാരം സമർപ്പിച്ച 5.01.2020 തീയതിയിലെ (Annexure A5) നിവേദനത്തിൻമേൽ ആവശ്യപ്പെട്ടിരിക്കുന്നത്.

3). കോവിഡ് 19 കാരണം ഹീയറിംഗിനായി എത്താൻ കഴിയില്ല എന്ന് അപേക്ഷകൻ അറിയിക്കുകയും, ആയതിനാൽ ടിയാന് ബോധിപ്പിക്കുവാനുള്ള കാര്യങ്ങൾ പരാമർശം (2) ലെ 10.08.2020 തീയതിയിലെ കത്തു മുഖേന ലഭ്യമാക്കുകയും ചെയ്തിരുന്നു. 27/12/2013 ൽ മെഡിക്കൽ ബോർഡിനു മുന്നിൽ ഹാജരായപ്പോൾ തന്റെ അസുഖം പരിഗണിച്ച് ലൈറ്റ് ഡ്യൂട്ടി ചെയ്യാനാണ് നിർദ്ദേശിച്ചതെന്നും, എന്നാൽ വാഹനസൗകര്യം പോലുമില്ലാത്ത വിജനമായ റിസർവ്വ് വനപ്രദേശമായ ഒളകര എന്ന സ്ഥലത്താണ് ജോലിക്ക് നിയോഗിച്ചതെന്നും, എന്നാൽ ഇത്തരത്തിൽ ഒരു സ്ഥലത്ത് ജോലി ചെയ്യാൻ പറ്റുന്ന മാനസികവും, ശാരീരികവുമായ അവസ്ഥയിലായിരുന്നില്ല താനെന്നും, അതിനാലാണ് അവധിയിൽ പോയതെന്നും, ഇപ്പോൾ സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിലാണെന്നും, പരസഹായം കൊണ്ടാണ് ജീവിതം മുന്നോട്ട് പോകുന്നതെന്നും, ഇവ പരിഗണിച്ച് തന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ മാപ്പാക്കി അവധി ക്രമീകരിച്ച് പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കണമെന്നുമാണ് അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ളത്.

4). ശ്രീ. എം.രാമചന്ദ്രൻ മെഡിക്കൽ ബോർഡിനു മുൻപാകെ രണ്ടാം വൈദ്യ പരിശോധനയ്ക്ക് ഹാജരായപ്പോൾ, ടിയാന് യാതൊരു അസുഖവുമല്ലായെന്നും, ടിയാന് ജോലിക്ക് ഹാജരാകുന്നതിൽ തടസ്സമില്ലായെന്നു മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയതിനാൽ ജോലിക്ക് ഹാജരാകാൻ നിർദേശം നൽകിയെങ്കിലും ടിയാൻ വിരമിക്കുന്നതുവരേയും ജോലിയിൽ ഹാജരായില്ല എന്നും, 01.01.2014 മുതൽ 31.05.2018 വരെയുള്ള അവധി അപേക്ഷ 18.06.2018ൽ വിരമിച്ച ശേഷമാണ് ടിയാൾ സമർപ്പിച്ചിട്ടുള്ളത് എന്നും, ടിയാനെതിരേ അനധികൃത ഹാജരില്ലായ്മയ്ക്ക് അച്ചടക്ക നടപടികൾ സ്വീകരിക്കുകയുണ്ടായില്ല എന്നും പരാമർശം (3) പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ റിപ്പോർട്ട് റിപ്പോർട്ട് ചെയ്തിരുന്നു.

5). സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 4/06/1994- ലെ സർക്കുലർ നം . 36/94/ധന പ്രകാരം, രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടപ്പെടുന്ന അവസരത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യം അനുവദിക്കുവാനാകില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട് . ശ്രീ . എം . രാമചന്ദ്രൻ 27/12/2013- ലെ മെഡിക്കൽ ബോർഡിന്റെ പരിശോധനയിൽ പരാജയപ്പെട്ടതിനാൽ, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യം അനുവദിക്കുവാനാകില്ല . ശ്രീ . എം . രാമചന്ദ്രനെതിരെ അനധികൃത ഹാജരില്ലായ്മയ്ക്ക് അച്ചടക്ക നടപടി സ്വീകരിച്ചിട്ടില്ലാത്തതിനാലും , ടിയാൻ സർവീസിൽ നിന്നും വിരമിച്ച സാഹചര്യവും പരിഗണിച്ചും, 10.07.2012 മുതൽ 31.05.2018 വരെയുള്ള കാലയളവുകൾ ഇൻക്രിമെൻറ് , ഹയർ ഗ്രേഡ് , പെൻഷൻ , ആർജ്ജിത അവധി എന്നീ സേവന ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ . എസ് . ആർ . ഭാഗം ഒന്ന് , ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാത്ത ശൂന്യവേതന അവധിയായി ക്രമീകരിച്ച് കൊണ്ട് ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (1) ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീ എം രാമചന്ദ്രന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടി ഭരണ വിഭാഗം ഉപ മുഖ്യ വനപാലകൻ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAJEEVAN M K**

**അണ്ടർ സെക്രട്ടറി**

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.

ശ്രീ.എം.രാമചന്ദ്രൻ, റിട്ട. സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, മേപ്പറമ്പ് ഹൗസ്, കരിയച്ചിറ പി ഒ, ടി ടി റോഡ്, തൃശ്ശൂർ-680006.

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ഓഡിറ്റ്), (എ & ഇ),തിരുവനന്തപുരം.

അക്കൌണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് &ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Naushad

സെക്ഷൻ ഓഫീസർ